**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ് - സേനാപതി ഗ്രാമപഞ്ചായത്ത് - ഇടുക്കി - ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - 2002-03 - ഖണ്ഡിക 2.6, 2.9 - ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

**ജി.ഒ (ആർ.ടി) നം. 03/13/തസ്വഭവ. തിരുവനന്തപുരം,തീയതി:01/01/2013**

**പരാമർശം:-**

1) **പഞ്ചായത്ത് ഡയറക്ടറുടെ 06/08/2012-ലെ എം4-22654/12 നമ്പർ കത്തും ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതിയുടെ 10/11/2011-ലെ 1(15) -ാം നമ്പർ തീരുമാനവും പഞ്ചായത്ത് കമ്മിറ്റിയുടെ 22/07/2011-ലെ 113/2011, 115/2011 നമ്പർ തീരുമാനവും**
2) **ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 05/12/2012-ലെ LF-PT2/17627/12 നമ്പർ കത്ത്.**

## <u>ഉത്തരവ്</u>

**ഇടുക്കി ജില്ലയിലെ സേനാപതി ഗ്രാമപഞ്ചായത്തിന്റെ 2002-03 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.6 പ്രകാരം പ്രസിഡണ്ട് സ്പെഷ്യൽ കൺവേയൻസ് ഉപയോഗിച്ചതിന് 5900/- രൂപയുടെ ചെലവിനും, ഖണ്ഡിക 2.9 പ്രകാരം പദ്ധതി നിർവ്വഹണത്തിന് അനുവദനീയമായതിൽ കൂടുതൽ തുക ചെലവഴിച്ചതിന് 64,423/- രൂപയും ആഡിറ്റിൽ നിരാകരിച്ചിരുന്നു. ആയതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതിയുടെ 10/11/2011-ലെ 1(15) -ാം നമ്പർ തീരുമാനത്തിന്റെയും പഞ്ചായത്ത് കമ്മിറ്റിയുടെ 22/07/2011-ലെ 113/2011, 115/2011 നമ്പർ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.**

ഓഡിറ്റ് തടസ്സപ്പെടുത്തിയ മുൻ ഖണ്ഡികയിൽ പരാമർശിച്ച് ചെലവുകൾക്ക് സാധൂകരണം നൽകാവുന്നതാണെന്ന് സൂചന 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ സേനാപതി ഗ്രാമപഞ്ചായത്തിന്റെ 2002-03 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.6, 2.9 എന്നിവ പ്രകാരം നിരാകരിച്ച യഥാക്രമം 5,900/- രൂപയുടേയും (അയ്യായിരത്തി തൊള്ളായിരം രൂപ മാത്രം) 64, 423/- രൂപയുടേയും (അറുപത്തി നാലായിരത്തി നാനൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) ചെലവ് നടത്തിയ സേനാപതി ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി. ജയശ്രീ,

ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി

സെക്രട്ടറി, സേനാപതി ഗ്രാമപഞ്ചായത്ത്

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ